## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 334 — 12.01.2021 ൽ മറുപടിയ്ക്ക്

### ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ . വി. ടി. ബൽറാം | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | അരിയ്ക്കും പലവ്യഞ്ജനങ്ങൾക്കും പച്ചക്കറിയ്ക്കും കോവിഡ് പശ്ചാത്തലത്തിൽ പൊതു കമ്പോളത്തിലുണ്ടായ വിലവർദ്ധനവ് സാധാരണ ജനങ്ങളുടെ ജീവിതം കൂടുതൽ ദുരിതത്തിലാക്കിയ സാഹചര്യത്തിൽ എന്തൊക്ക ഇടപെടലുകളാണ് സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കുമോ; | എ) | കോവിഡ്-19 മായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തലത്തിൽ കോവിഡ്-19 സെൽ, ജില്ലാ തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യ ധാന്യങ്ങൾക്കും പച്ചക്കറിക്കും പൊതു വിപണിയിൽ ഉണ്ടായ വില വർദ്ധനവ് തടയുന്നതിനായി ജില്ലകളിൽ പൊതു വിതരണ വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവ ഉൾപ്പെട്ട ഒരു സ്ക്വാഡ് രൂപീകരിക്കുകയും താലൂക്ക് തലത്തിൽ റെയ്ഡുകളും പരിശോധനകളും നടത്തി കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും തടയുവാൻ കഴിഞ്ഞു. ഓരോ ദിവസത്തെയും അവശ്യ സാധനങ്ങളുടെ വില വിവരം ലഭ്യമാക്കി അവലോകനം നടത്തുകയും പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ സ്റ്റോക്ക് വിവരം ശേഖരിച്ചതിലൂടെ പൊതുവിപണിയിൽ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കുവാൻ കഴിഞ്ഞു.<br><br>ലോക്ഡൗൺ നിലവിൽ വന്നതോടുകൂടി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടായ സമയത്ത് സിവിൽ സപ്ലൈസ് വകുപ്പ് ലോഡുകൾ എത്തിക്കുന്നതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ ഒരുക്കുകയും യാതൊരു തടസ്സവും കൂടാതെ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. ആയതിനുവേണ്ടി ഓരോ ജില്ലയിലും RTO, Supplyco Manager, Horticorp Employers, Wholesale dealers |

| | | | |
|---|---|---|---|
| | | | എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ ത്വരിതപ്പെടുത്തി.<br><br>റേഷൻ സാധനങ്ങളുടെ വിതരണം തടസ്സപ്പെടാത്ത രീതിയിൽ എല്ലാ റേഷൻ ഡിപ്പോകളും കോവിഡ് 19 മാനദണ്ഡങ്ങൾ പ്രകാരം തുറന്നു പ്രവർത്തിക്കുകയും സംസ്ഥാനത്തെ എല്ലാ സപ്ലൈ ഓഫീസുകളും, എൻ.എഫ്.എസ്.എ ഗോഡൗണുകളും അവധി ദിവസങ്ങൾ ഉൾപ്പെടെ തുറന്നു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ സാനിട്ടൈസറുകൾ എല്ലാ റേഷൻ കടകളിലും വകുപ്പിൽ നിന്നു ലഭ്യമാക്കി.<br><br>2020 ഏപ്രിൽ മാസം AAY, PHH വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്കു ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NP(S), NP(NS) വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി വീതം വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനത്താകെ 38384 റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 486.558 മെട്രിക് ടൺ അരി വിതരണം ചെയ്തു. ഇത്തരത്തിൽ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്ക് 24 മണിക്കൂറിനകം റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. |
| (ബി) | ലോക്ഡൗണും തൊഴിൽ നഷ്ടവും മൂലം കഷ്ടതയിലായവരെ സഹായിക്കുന്നതിന് ഭക്ഷ്യ വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിയിരുന്നോ; വിശദാംശം നൽകുമോ; | (ബി) | ലോക്ഡൗണും തൊഴിൽ നഷ്ടവും മൂലം കഷ്ടത്തിലായവരെ സഹായിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. PHH/AYY കാർഡുകൾക്ക് സൗജന്യ റേഷൻ (ഏപ്രിൽ)<br><br>2. NPS/NPNS കാർഡുടമകൾക്ക് 15 കിലോ അരി സൗജന്യമായി നല്കി. (ഏപ്രിൽ)<br><br>3. റേഷൻ കാർഡില്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിൽ ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)<br><br>4. അനാഥാലയങ്ങളിലും ധർമ്മ സ്ഥാപനങ്ങളിലും താമസിക്കുന്നവർക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ) |

| | | | |
|---|---|---|---|
| | | | 5. തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)<br>6. പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം 2 മാസം നല്കി.<br>7. ഇവ കൂടാതെ PMGKAY പ്രകാരം BPL കുടുംബങ്ങളിൽ ഒരാൾക്ക് 4 കിലോ അരിയും 1 കിലോ പയറുവർഗ്ഗവും നവംബർ മാസം വരെ നല്കി.<br>8. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.<br>റേഷൻ കാർഡുടമകൾക്ക് പുറമെ, സംസ്ഥാനത്തെ എല്ലാ അഗതിമന്ദിരങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ആശ്രമങ്ങൾ, കോൺവെൻറുകൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും കോവിഡ് അതിജീവനക്കിറ്റുകൾ നൽകുന്നുണ്ട്. ഇതിനു പുറമെ, ലോക്ക്ഡൗൺ കാലയളവിൽ, സംസ്ഥാനത്ത് തുറന്ന സമൂഹ അടുക്കളകൾക്കായി 70 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും സമ്പർക്ക വിലക്കിലുള്ളവർക്കായി കാൽ ലക്ഷത്തോളം ഭക്ഷ്യകിറ്റുകളും സപ്ലൈകോ മുഖേന വിതരണം ചെയ്തു. ഭക്ഷ്യഭദ്രതാ അലവൻസ് ആയി എം.ഡി.എം.എസ്. പദ്ധതിയിൽപ്പെട്ട 26 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കായി (രണ്ട് തവണ) ഭക്ഷ്യകിറ്റുകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു. |
| (സി) | കോവിഡ് കാലത്ത് വിതരണം ചെയ്ത ഭക്ഷ്യകിറ്റുകളുടെ ഗുണനിലവാരം സംബന്ധിച്ചും തൂക്ക കുറവ് സംബന്ധിച്ചും വ്യാപക പരാതികൾ ഉണ്ടായത് പരിശോധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | ഓണ കിറ്റിൽ വിതരണം ചെയ്ത ശർക്കര, പപ്പടം എന്നിവയിലാണ് പ്രധാനമായും തൂക്കകുറവ്, ഗുണനിലവാരക്കുറവ് എന്നിങ്ങനെ വ്യാപകമായ പരാതി ഉണ്ടായത്. തൂക്കക്കുറവ് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ആയത് വിതരണം ചെയ്ത വിതരണക്കാർക്ക് കർശന നിർദേശം നൽകുകയും, വിതരണക്കാർ തൂക്കക്കുറവ് പരിഹരിച്ച് നൽകുകയും ചെയ്തിരുന്നു.<br>ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ശർക്കര വിതരണം ചെയ്ത കമ്പനികളിൽനിന്ന്, ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞു വയ്ക്കുകയും ഒരു വർഷത്തേയ്ക്ക് ഇവരിൽനിന്നും |

| | | | |
|---|---|---|---|
| | | | ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനു വിലക്കേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിതരണക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>സപ്ലൈകോ നിശ്ചയിച്ചിരുന്ന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതെ പപ്പടം വിതരണം ചെയ്ത കമ്പനിയിൽ നിന്നും ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞു വയ്ക്കുകയും 3 മാസത്തേയ്ക്ക് ടി വിതരണക്കാരിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിനു വിലക്കേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത കമ്പനിയിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | കോവിഡിന്റെ മറവിൽ അവശ്യ സാധനങ്ങൾ പൂഴ്ത്തിവച്ച് കൃത്രിമമായി വില വർദ്ധിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ തടയുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്കെതിരെ കേസെടുത്തെന്ന് വിശദമാക്കുമോ? | | കോവിഡിന്റെ മറവിൽ അവശ്യ സാധനങ്ങളുടെ പൂഴ്ത്തി വയ്പ്പ് തടയുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വന്തം നിലയിലും മറ്റു വകുപ്പുകളുടെ സഹകരണത്തോടെയും സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവിപണിയിൽ കർശന പരിശോധന നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ സ്റ്റോക്ക് വിവരം, വില നിലവാരം എന്നിവ പ്രദർശിപ്പിക്കാത്ത 450 കടയുടമകൾക്കെതിരെയും, ഇടുക്കിയിൽ 123 പേർക്കെതിരെയും, തൃശ്ശൂർ ജില്ലയിൽ 152 കടകൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>തമിഴ് നാട്ടിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സഞ്ചി വാങ്ങി, കൂടിയ വിലയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിയെന്ന ആക്ഷേപത്തിന്മേൽ സപ്ലൈകോയുടെ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി കുടുംബശ്രീ ഡയറക്ടറെ വിവരം അറിയിക്കുകയും പ്രസ്തുത യൂണിറ്റുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് കുടുംബശ്രീ ഡയറക്ടർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**